# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം: 3569 — 10.04. 2013 -ൽ മറുപടിയ്ക്ക്

## ബിൽഡിംഗ് പെർമിറ്റ് നൽകുന്നതിനുള്ള അനുവാദം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. മോൻസ് ജോസഫ് | | ശ്രീ. മഞ്ഞളാംകുഴി അലി<br>നഗരകാര്യവും ന്യൂനപക്ഷക്ഷേമവും<br>വകുപ്പു മന്ത്രി |
| (എ) | തിരുവനന്തപുരം നഗരസഭ ഗ്രീൻസ്ട്രിപ്പിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾ ഏതു രേഖയുടെ അടിസ്ഥാനത്തിലാണ് കണക്കാക്കുന്നത് ; | (എ) | തിരുവനന്തപുരം നഗരത്തിലെ ഗ്രീൻസ്ട്രിപ്പിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾ തിരുവനന്തപുരം നഗരസഭയുടെ അംഗീകരിച്ച മാസ്റ്റർ പ്ലാനിനും, പബ്ലിഷ് ചെയ്ത മാസ്റ്റർ പ്ലാനിനും വിശദ നഗരാസൂത്രണ പദ്ധതികൾക്കും അനുസരിച്ചാണ് കണക്കാക്കുന്നത്. |
| (ബി) | പ്രസ്തുത രേഖ എത്ര വർഷത്തിനു മുൻപ് പുറപ്പെടുവിച്ചതാണ് ; | (ബി) | പ്രധാനമായും തിരുവനന്തപുരം മാസ്റ്റർ പ്ലാൻ സ്കീം മാപ്പ് 21-06-1971-ലെ സ. ഉ (സാധാ) നം. 921/71/എൽഎഡി പ്രകാരവും 31-05-2007-ലെ സ. ഉ (എം.എസ്) നം. 144/07/തസ്വഭവ പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. പബ്ലിഷ് ചെയ്ത മാസ്റ്റർ പ്ലാൻ 23-03-1993-ലെ സ. ഉ (സാധാ) നം. 3094/93/എൽഎഡി പ്രകാരമാണ് പബ്ലിഷ് ചെയ്തിട്ടുള്ളത്. |
| (സി) | പ്രസ്തുത മാസ്റ്റർ പ്ലാനിൽ ഇപ്പോൾ മാറ്റം വരുത്തിയിട്ടുണ്ടോ ; എങ്കിൽ പുതുക്കിയ മാസ്റ്റർ പ്ലാൻ എന്നത്തേക്ക് പുറപ്പെടുവിക്കും എന്ന് വ്യക്തമാക്കുമോ ; | (സി) | ശാസ്ത്രീയമായ പഠനങ്ങളുടെ അടിസ്ഥാനത്തിൽ മാസ്റ്റർ പ്ലാനിൽ മാറ്റം വരുത്തിയിട്ടുണ്ട്. പുതുക്കിയ മാസ്റ്റർ പ്ലാൻ നിലവിലെ കോർപ്പറേഷൻ ഏരിയയ്ക്കു വേണ്ടിയാണ് തയ്യാറാക്കിയിട്ടുള്ളത്. 19-03-2013-ലെ സ. ഉ (എം.എസ്) നം. 107/13/തസ്വഭവ പ്രകാരം പുതുക്കിയ മാസ്റ്റർ പ്ലാൻ പബ്ലിഷ് ചെയ്യുന്നതിന് സർക്കാർ തിരുവനന്തപുരം നഗരസഭയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | ശ്രീ. കെ. മധുസൂദനൻ തിരുവനന്തപുരം നഗരസഭയിൽ നൽകിയ ബിൽഡിംഗ് ആപ്ലിക്കേഷൻ തിരുവനന്തപുരം | (ഡി) | പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

റീജിയണൽ ടൗൺ പ്ലാനിംഗ് ഓഫീസിലേക്ക് അയച്ചതിന്റെ നമ്പർ ഇ/438/13 എന്ന ഫയലിൽ ആർ. റ്റി. പി നൽകിയിരിക്കുന്ന റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ഇ) പ്രസ്തുത ഫയലിൽ തീർപ്പു കൽപ്പിക്കാൻ ആർ. റ്റി. പി - ക്ക് അധികാരമില്ലാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഇ) റിവൈസ്ഡ് മാസ്റ്റർ പ്ലാൻ സോണിംഗ് റെഗുലേഷൻ 6.7.1.2.2 പ്രകാരം 50 $m^2$ വരെയുള്ള ചെറിയ പാർപ്പിട കെട്ടിടങ്ങൾക്ക് ചീഫ് ടൗൺ പ്ലാനറുടെ കൺകറൻസോടെയാണ് അനുമതി നൽകുന്നത്. ആയതിനാൽ പ്രസ്തുത ഫയലിൽ തീർപ്പു കൽപ്പിക്കാൻ റീജിയണൽ ടൗൺ പ്ലാനർക്ക് അധികാരമില്ല.

(എഫ്) ആർ. റ്റി. പി-ക്ക് ആർ.എ1/4545/2011/എൽ.എസ്.ജി.ഡി നമ്പർ സർക്കുലർ പ്രകാരം പ്രസ്തുത ഫയലിൽ തീർപ്പു കൽപ്പിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ ; മേൽപ്പറഞ്ഞ സർക്കുലർ പ്രകാരം പ്രസ്തുത ഫയലിൽ തീരുമാനം കൈക്കൊള്ളാൻ വേണ്ട നടപടി സ്വീകരിക്കുമോ ;

(എഫ്) ആർ.എ1/4545/2011/എൽ.എസ്.ജി.ഡി നമ്പർ സർക്കുലർ പ്രകാരം ബന്ധപ്പെട്ട ലോക്കൽ ബോഡി സെക്രട്ടറിമാർക്കാണ് തീർപ്പു കൽപ്പിക്കുന്നതിനുള്ള അധികാരം. മേൽ സർക്കുലർ പ്രകാരം പ്രസ്തുത നടപടി പൂർത്തിയാക്കേണ്ടത് തിരുവനന്തപുരം നഗരസഭ സെക്രട്ടറിയാണ്.

(ജി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ചീഫ് ടൗൺ പ്ലാനറുടെ ഓഫീസിലുള്ള ഡി3/2580/2013 എന്ന ഫയലിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ; പ്രസ്തുത ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ ;

(ജി) അപേക്ഷകൻ നടത്തിയ കെട്ടിട നിർമ്മാണം ടി സ്ഥലത്ത് അനുവദിക്കാവുന്നതാണോ എന്നതു സംബന്ധിച്ച് വ്യക്തമായ അഭിപ്രായം റീജിയണൽ ടൗൺ പ്ലാനർ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ വ്യക്തമായ അഭിപ്രായം അറിയിക്കണമെന്ന് ആവശ്യപ്പെട്ട് 02-04-2013- ന് റീജിയണൽ ടൗൺ പ്ലാനർക്ക് ചീഫ് ടൗൺ പ്ലാനർ കത്തയച്ചിരിക്കുകയാണ്.

(എച്ച്) പ്രസ്തുത ഫയലിന്മേൽ എന്നത്തേക്ക് തീരുമാനമെടുക്കാനാകും എന്ന് അറിയിക്കുമോ ;

(എച്ച്) റീജിയണൽ ടൗൺ പ്ലാനറുടെ മറുപടി ലഭിക്കുന്ന മുറയ്ക്ക് തീരുമാനം എടുക്കുന്നതായിരിക്കും

(ഐ) ചീഫ് ടൗൺ പ്ലാനർക്ക് ആർ.എ1/4545/2011/എൽ.എസ്.ജി.ഡി ഉത്തരവ് പ്രസ്തുത ഫയലിൽ ബാധകമാണോ എന്ന് വ്യക്തമാക്കുമോ ;

(ഐ) 22-01-2011- ലെ 4545/ആർ.എ1//2011/തസ്വഭവ നമ്പർ സർക്കുലർ പ്രകാരമുള്ള നടപടിക്രമങ്ങൾ കേരളത്തിലെ എല്ലാ പ്രദേശങ്ങൾക്കും ബാധകമാണ് ഇതോടൊപ്പം തിരുവനന്തപുരം മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിച്ചിരിക്കുന്നത് ടൗൺ പ്ലാനിംഗ് ആക്ട് 1108 പ്രകാരമായതിനാൽ തിരുവനന്തപുരം മാസ്റ്റർ പ്ലാനും അനുബന്ധം Zoning Regulations ഉം കൂടി നോക്കിയാണ് ഇവിടെ അപേക്ഷ പരിഗണിച്ചിട്ടുള്ളത്.

| | | | |
|---|---|---|---|
| ജെ | പ്രസ്തുത ഉത്തരവനുസരിച്ച് ബിൽഡിംഗ് പെർമിറ്റ് നൽകുവാനുള്ള അധികാരം ആർക്കാണ് എന്ന് അറിയിക്കുമോ ? | (ജെ) | പ്രസ്തുത സർക്കുലർ അനുസരിച്ച് പെർമിറ്റ് നൽകുന്നതിനുള്ള അധികാരം ലോക്കൽ ബോഡി സെക്രട്ടറിക്കാണ്. |

സെക്ഷൻ ഓഫീസർ

'ഭരണഭാഷ മാതൃഭാഷ'

നമ്പർ.ഇ/438/13/കെ.ഡിസ്

റീജിയണൽ ടൗൺ പ്ലാനിംഗ് ഓഫീസ്
തിരുവനന്തപുരം, തീയതി 14/03/13

ടൗൺ പ്ലാനർ
തിരുവനന്തപുരം

ചീഫ് ടൗൺ പ്ലാനർ
തിരുവനന്തപുരം

സർ,

വിഷയം:- റീജിയണൽ ടൗൺ പ്ലാനിംഗ് ആഫീസ് - തിരുവനന്തപുരം കെട്ടിട നിർമ്മാണം കൺകറൻസ് സംബന്ധിച്ച്.

സൂചന :- തിരുവനന്തപുരം നഗരസഭയുടെ 18/02/13 ലെ UE1/BA/055/13 നമ്പർ കത്ത്.

മേൽ സൂചിത അപേക്ഷയിൽ സ്ഥലപരിശോധന നടത്തി താഴെ പറയുന്ന വിവരങ്ങൾ അറിയിച്ചുകൊള്ളുന്നു.

തിരുവനന്തപുരം നഗരസഭയിൽ ഉള്ളൂർ വില്ലേജിൽ old സർവ്വെ നമ്പർ 2242/1, (റീ സർവ്വേ നമ്പർ 460/10-1) ൽ ഉൾപ്പെട്ട 2.99 ആർ സ്ഥലത്ത് 212.56 $m^2$ വിസ്തീർണ്ണമുള്ള ഒരു ഇരു നില വാസഗൃഹം (GF+FF) നിർമ്മിക്കുന്നതിന് വേണ്ടി ശ്രീ. മധുസൂദനൻ സമർപ്പിച്ചതാണ് പ്രസ്തുത അപേക്ഷ.

സ്ഥലപരിശോധനയിൽ നിർമ്മാണം ആരംഭിച്ചിട്ടില്ല. ടി സ്ഥലം Sanctioned Master Plan ന് പുറത്തും Revised Master Plan ൽ paddy list ലും ഉൾപ്പെടുന്നു. ടി സ്ഥലത്ത് മറ്റ് ടൗൺ പ്ലാനിംഗ് സ്കീമുകൾ ഒന്നും നിലവിലില്ല.

പ്രസ്തുത സ്ഥലം ശ്രീകാര്യം ജംഗ്ഷനിൽ നിന്നും ഏകദേശം 80 മീറ്റർ മാറി ഉള്ളൂർ റോഡിലും, അവിടെ നിന്ന് ഏകദേശം 200 മീറ്റർ മാറി പാട്ടത്തിൽ ലെയിനിലും സ്ഥിതിചെയ്യുന്നു. ടി സ്ഥലം നിലവിൽ filled up land ആയി കാണപ്പെടുന്നു. ടി പ്ലോട്ടിലേക്കുള്ള വഴിയ്ക്ക് 4.10 മീറ്റർ വീതിയാണുള്ളത്.

..2..

ടി പ്ലോട്ടിൽ ഏകദേശം 10 വർഷത്തിലധികം പ്രായമുള്ള തെങ്ങുകൾ ഉണ്ട്. ടി പ്ലോട്ടിന് മുന്നിലൂടെയുള്ള റോഡിൽ ഒരു closed drain (തോട്) ഒഴുകുന്നുണ്ട്. ഇത് പ്ലോട്ടിന്റെ ഒരു വശത്തുകൂടി പുറക് വശത്തെത്തി മറ്റ് പ്ലോട്ടുകളുടെ വശങ്ങളിലൂടെ ഒഴുകുന്നു.

ടി പ്ലോട്ടിന്റെ വടക്ക് ഭാഗത്ത് ഏകദേശം 75 മീറ്ററോളം vacant land coconut cultivation ആയും അതിനപ്പുറം ഒരു ഒറ്റ നില വാസഗൃഹവും കാണുന്നു. പ്ലോട്ടിന്റെ തെക്ക്, കിഴക്ക് ഭാഗങ്ങൾ വാസഗൃഹമേഖലയായി വികസിച്ചുവരുന്നു. പടിഞ്ഞാറ് ഭാഗത്ത് ഏകദേശം 75 മീറ്ററോളം vacant land ഉം (coconut cultivation) അടുത്തായി ഒരു ഇരു നില വാസഗൃഹവും കാണപ്പെടുന്നു.

ടി നിർമ്മാണം കെഎംബിആർ 99 പ്രകാരമുള്ള സെറ്റ് ബാക്കുകൾ പാലിക്കുന്നു. പ്രസ്തുത സ്ഥലത്തിന് തെക്ക്, കിഴക്ക് ഭാഗങ്ങൾ വാസഗൃഹമേഖലയായി വികസിച്ചുവരുന്നതിനാൽ ടി സ്ഥലം വാസഗൃഹം അനുവദിക്കുന്നതിന് യോജിച്ചതാണ്.

Revised Master Plan ൽ green strip ൽ ഉൾപ്പെടുന്ന സ്ഥലത്ത് scheme book പ്രകാരം 50 $m^2$ വരെയുള്ള വാസഗൃങ്ങൾ ചീഫ് ടൗൺ പ്ലാനറുടെ കൺകറൻസ് അനുവദനീയമാണ് എന്ന് കാണുന്നു. പ്രസ്തുത അപേക്ഷയിൽ കെട്ടിട വിസ്തീർണ്ണം 212.56 $m^2$ ആണ്. Sanctioned Master Plan ൽ green strip ൽ ഉൾപ്പെട്ട സ്ഥലത്ത് G.O.(MS) no.144/07/ LSGD dt 31/05/07 പ്രകാരം 300 $m^2$ വരെയുള്ള residential building ന് റീജിയണൽ ടൗൺ പ്ലാനറുടെ കൺകറൻസ് അനുവദനീയമാണ്.

വിശ്വസ്തതയോടെ

ഉള്ളടക്കം:അപേക്ഷ, പ്ലാൻ, ലൊക്കേഷൻ സ്കെച്ച്.

ഫ ടൗൺ പ്ലാനർ

എസ്/